പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2682 — 19.7.2011 ൽ മറുപടിയ്ക്ക്

## ശബരി സ്റ്റോറുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി ; | | ശ്രീ. റ്റി.എം. ജേക്കബ് (ബഹു. ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് എത്ര ശബരി സ്റ്റോറുകളാണ് റേഷൻകടകളോടനുബന്ധിച്ച് പ്രവർത്തിക്കുന്നത് ; | എ) | സംസ്ഥാനത്ത് 1807 റേഷൻ കടകൾക്ക് ശബരി സ്റ്റോറായി പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| ബി) | ശബരിസ്റ്റോറുകൾക്ക് പലവ്യഞ്ജനങ്ങൾ സബ്സിഡി നിരക്കിൽ കൃത്യമായി ലഭ്യമാക്കുന്നുണ്ടോ ; | (ബി) യും (സി) യും (ഡി) യും | നിലവിൽ 1807 റേഷൻ കടകൾക്ക് ശബരിസ്റ്റോറായി പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഇവയിൽ 450-ഓളം ശബരി സ്റ്റോറുകൾ മാത്രമേ ഇപ്പോൾ നാമമാത്രമായ സ്റ്റോക്കെടുത്ത് സാധനങ്ങൾ വിതരണം ചെയ്യുന്നുള്ളൂ. ഫണ്ടിന്റെ അപര്യാപ്തത മൂലവും പ്രത്യേക സബ് സിഡി ഫണ്ടോ ബഡ്ജറ്റ് അലോട്ടുമെന്റോ ഇല്ലാത്തതു മൂലവും ഈ സംരംഭം തുടർന്നുപോകാൻ ബുദ്ധിമുട്ടുണ്ട്. റേഷൻ കടകളിലൂടെ 13 ഇനം അവശ്യ സാധനങ്ങൾ നൽകാനുള്ള ഒരു പുതിയ പദ്ധതി പരിഗണനയിലുണ്ട്. |
| സി) | വിലക്കയറ്റം അതിരൂക്ഷമായി തുടരുന്നതു കണക്കിലെടുത്ത് കൂടുതൽ ശബരി സ്റ്റോറുകൾ ആരംഭിക്കുമോ ; | | |
| ഡി) | ആരംഭിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ